LIBRARY ARCHIVES Kerala Legislative Assembly

റൺവേയുടെ അറ്റകുറ്റപ്പണികൾ

255 (232) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിലെ റൺവേയുടെ അറ്റകുറ്റപ്പണികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) അറ്റകുറ്റപ്പണികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും;

(സി) വിമാന സർവ്വീസുകൾ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനും വലിയ വിമാനങ്ങൾക്ക് ഇറങ്ങാൻ കഴിയുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 26 ശതമാനം പുരോഗതി ലക്ഷ്യമിട്ട സ്ഥലത്ത് അറ്റകുറ്റപ്പണികൾ 27 ശതമാനം ചെയ്തുതീർത്തു.

(ബി) അറ്റകുറ്റപ്പണികളുടെ കരാർ തീയതി ഫെബ്രുവരി 2017 ആണ്. കാലാവസ്ഥാ ഡി.ജി.സി.എ.-യുടെ സുരക്ഷാ അനുമതി മുതലായവ അനുകൂലമാണെങ്കിൽ അറ്റകുറ്റപ്പണി 2016 നവംബറിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് എയർപോർട്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) Code E Operations തുടങ്ങാൻ വേണ്ടിയുള്ള നിയമാനുസൃതമായ ആവശ്യങ്ങൾ കണക്കിലെടുത്ത് ആവശ്യമായ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് ഒരു വിഭാഗം സ്ഥലം ഉടമകൾ എതിർപ്പ് പ്രകടിപ്പിക്കുന്ന സാഹചര്യത്തിൽ ചർച്ചകളിലൂടെ പ്രശ്നം പരിഹരിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ണൂർ വിമാനത്താവള നിർമ്മാണം

256 (233) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിരുന്നതും പൂർത്തീകരിക്കേണ്ടിയിരുന്നതുമായ ടാക്സി ട്രാക്ക് നിർമ്മാണം, പാരലൽ ടാക്സി അപ്രോച്ച്റോഡ് നിർമ്മാണം, ഇന്റേണൽ റോഡ് നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, ഓപ്പറേഷണൽ വാൾ നിർമ്മാണം, സ്റ്റോം വാട്ടർ ഡ്രൈൻ, കാർ പാർക്കിംഗ്, റൺവെ ലൈറ്റിംഗ്, നാവിഗേഷണൽ ബിൽഡിംഗ്, അപ്രോച്ച് ലൈറ്റ്, ടെർമിനൽ ബിൽഡിംഗ്, കൺട്രോൾ ടവർ, ടെക്നിക്കൽ ബ്ലോക്ക് എന്നീ പ്രവൃത്തികൾ എപ്പോൾ ആരംഭിച്ചുവെന്നും ഇപ്പോൾ ഓരോ പ്രവൃത്തിയും ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?